'ഭരണഭാഷ- മാതൃഭാഷ'

കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശ സ്വയംഭരണ വകുപ്പ് - എഞ്ചിനീയറിംഗ് വിഭാഗം - ജീവനക്കാര്യം - ഓവർസിയർ ഗ്രേഡ് I ആയി സർവീസിലിരിക്കേ മരണപ്പെട്ട ജയപ്രകാശൻ കെ.-യുടെ മകളായ ശ്രീമതി. ഹൃദ്യ ജയപ്രകാശിന് ആശ്രിതനിയമനപദ്ധതി പ്രകാരം ക്ലർക്ക് തസ്തികയിൽ നിയമനം നൽകി ഉത്തരവാകുന്നു.

---

തദ്ദേശ സ്വയംഭരണ(ഇ.ഡബ്ല്യൂ) വകുപ്പ്

സ.ഉ.(കൈ) നം.34/2020/ത.സ്വ.ഭ.വ    തീയതി,തിരുവനന്തപുരം, 14/02/2020

---

പരാമർശം:- 1. 24.05.1999 ലെ സ.ഉ(അച്ചടി) 12/99/ഉഭപവ.
2. ശ്രീമതി. ഹൃദ്യ ജയപ്രകാശ് 04.05.2018-ൽ സമർപ്പിച്ച ആശ്രിതനിയമന പദ്ധതി പ്രകാരമുള്ള അപേക്ഷ.
3. 04.05.2019 ലെ തസ്വഭവ-ഇ.ഡബ്ല്യൂ3/174/2019-തസ്വഭവ നം. സർക്കാർ കത്ത്.
4. ശ്രീമതി. ഹൃദ്യ ജയപ്രകാശ് 29.05.2019-ൽ സമർപ്പിച്ച ആശ്രിതനിയമന പദ്ധതി പ്രകാരമുള്ള അപേക്ഷ.
5. ശ്രീമതി. ഹൃദ്യ ജയപ്രകാശ് സമർപ്പിച്ച 29.05.2019 ലെ നിവേദനം.
6. തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എൻജിനീയറുടെ 14.03.2019, 29.06.2019 തീയതികളിലെ ഇ2/12555/2018/സി.ഇ.എസ്./സി.ഇ./തസ്വഭവ നം. കത്തുകൾ
7. കോഴിക്കോട് ജില്ലാ കളക്ടറുടെ 20.11.2019 ലെ DCKKD/7637/2019-S4 നം.കത്ത്

<u>ഉത്തരവ്</u>

തദ്ദേശ സ്വയംഭരണ എൻജിനീയറിംഗ് വിഭാഗത്തിൽ വില്ല്യാപ്പിള്ളി ഗ്രാമപഞ്ചായത്തിൽ ഓവർസിയർ ഗ്രേഡ് I ആയിരിക്കേ 08.06.2016 ൽ മരണപ്പെട്ട ജയപ്രകാശൻ കെ.-യുടെ മകളായ ശ്രീമതി. ഹൃദ്യ ജയപ്രകാശ് ആശ്രിത നിയമന പദ്ധതി പ്രകാരം പൊതുമരാമത്ത്/റവന്യൂ വകുപ്പിൽ ക്ലർക്ക് തസ്തികയിൽ നിയമനം ലഭിക്കുന്നതിന് പരാമർശം 2 പ്രകാരം അപേക്ഷ സമർപ്പിച്ചിരുന്നു. എന്നാൽ ക്ലർക്ക് തസ്തികയിൽ അതത് വകുപ്പുകളിൽ ഒഴിവില്ലാത്ത പക്ഷം മാത്രമേ മറ്റ് വകുപ്പുകളിലെ ഒഴിവുകളിലേക്ക് ആശ്രിത നിയമന വ്യവസ്ഥ പ്രകാരമുള്ള അപേക്ഷകരെ പരിഗണിക്കാൻ കഴിയൂ എന്ന് പരാമർശം 1 ഉത്തരവിലെ ഖണ്ഡിക 3 0 പ്രകാരം വ്യക്തമാക്കിയിട്ടുള്ള സാഹചര്യത്തിൽ, മേൽ തസ്തികയിലേക്കുള്ള ശ്രീമതി. ഹൃദ്യ ജയപ്രകാശിന്റെ അപേക്ഷ നിരസിക്കുകയും തദ്ദേശ സ്വയംഭരണ എൻജിനീയറിംഗ് വിഭാഗത്തിൽ ക്ലർക്ക് തസ്തികയിലേക്ക് മാത്രമേ ടിയാൾക്ക് അപേക്ഷിക്കാൻ കഴിയൂ എന്ന് പരാമർശം 3 പ്രകാരം തദ്ദേശ സ്വയംഭരണ ചീഫ് എൻജിനീയർ മുഖേന അപേക്ഷകയെ അറിയിക്കുകയും ചെയ്തിരുന്നു. ഇതിൻപ്രകാരം ടിയാൾ തദ്ദേശ സ്വയംഭരണ എൻജിനീയറിംഗ് വിഭാഗത്തിൽ ക്ലർക്ക് തസ്തികയിൽ നിയമനം നൽകണമെന്ന് അഭ്യർത്ഥിച്ച് പരാമർശം 4 പ്രകാരം പുതുക്കിയ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. മരണത്തീയതി മുതലുള്ള രണ്ട് വർഷ കാലാവധിക്കുള്ളിൽ ആശ്രിതനിയമനപ്രകാരമുള്ള അപേക്ഷ സമർപ്പിക്കേണ്ടതാണ്. ശ്രീമതി. ഹൃദ്യ ജയപ്രകാശ് ക്ലർക്ക് തസ്തികയിൽ അപേക്ഷിച്ചത് പ്രസ്തുത കാലാവധി കഴിഞ്ഞാണ്. എന്നാൽ, ടിയാൾക്ക് എൻജിനീയറിംഗ് വകുപ്പിൽ മാത്രമേ അപേക്ഷിക്കാവൂ എന്ന വസ്തുതയെകുറിച്ച് അറിവില്ലാത്തതിനാൽ മറ്റ് വകുപ്പുകളിൽ നിയമനത്തിനായി അപേക്ഷിക്കുകയും ആയത് നിരസിക്കുകയും ചെയ്തത് കാരണമാണ് എൻജിനീയറിംഗ്

വകുപ്പിൽ ക്ലർക്ക് തസ്തികയിൽ നിശ്ചിത സമയപരിധിക്കുള്ളിൽ അപേക്ഷിക്കാൻ കഴിയാഞ്ഞതെന്ന വസ്തുതയും ഇപ്രകാരമുണ്ടായ കാലതാമസം മാപ്പാക്കണമെന്ന് അഭ്യർത്ഥിച്ച് അപേക്ഷക പരാമർശം 5 പ്രകാരം സമർപ്പിച്ച നിവേദനവും പരിഗണിച്ച് പുതുക്കിയ അപേക്ഷ സമർപ്പിക്കുന്നതിൽ നേരിട്ട കാലതാമസം മാപ്പാക്കി നൽകിയിട്ടുണ്ട്. പ്രസ്തുത അപേക്ഷയും അനുബന്ധ രേഖകളും പരാമർശം 7 പ്രകാരം കോഴിക്കോട് ജില്ലാ കളക്ടർ പരിശോധിച്ച് ശുപാർശ ചെയ്തിരുന്നു.

2. ശ്രീമതി. ഹൃദ്യ ജയപ്രകാശ് പരേതനായ ജയപ്രകാശൻ.കെ-യുടെ മകളാണ്. പരേതന്റെ മറ്റ് കുടുംബാംഗങ്ങൾ ആരും തന്നെ പ്രസ്തുത പദ്ധതി പ്രകാരം ജോലിക്കായി അപേക്ഷിക്കുകയോ ആർക്കും തന്നെ ഇപ്രകാരം ജോലി നൽകുകയോ ചെയ്തിട്ടില്ല. ശ്രീമതി. ഹൃദ്യ ജയപ്രകാശിന് ആശ്രിതനിയമന പദ്ധതി പ്രകാരം ജോലി നൽകുന്നതിന് സമ്മതമാണെന്ന് കാണിച്ച് പരേതന്റെ അനന്തരാവകാശി യായ, ടിയാരിയുടെ മാതാവ് ശ്രീമതി. ഷീബ എ. കെ. സമ്മതപത്രം ലഭ്യമാക്കിയിട്ടുണ്ട്. മറ്റ് അനന്തരാവകാശികളായ പരേതന്റെ മകൻ ആദർശ് ജെ. പ്രകാശ് 16.03.2018 ലും, മാതാവ് ഭാരതി 1309.2019 ലും മരണപ്പെട്ടിരുന്നു. ശ്രീമതി. ഹൃദ്യ ജയപ്രകാശ്, ആശ്രിത നിയമന വ്യവസ്ഥ പ്രകാരം ജോലി ലഭിക്കുന്ന പക്ഷം പരേതന്റെ അനന്തരാവകാശിയും തന്റെ മാതാവുമായ ശ്രീമതി ഷീബ എ. കെ.-യെ സംരക്ഷിച്ചുകൊള്ളാമെന്ന് വ്യക്തമാക്കുന്ന സംരക്ഷണ സമ്മതമൊഴി ഹാജരാക്കിയിട്ടുണ്ട്. അപേക്ഷകയുടെ വാർഷിക കുടുംബ വരുമാനം 3,33,360/-(മൂന്ന് ലക്ഷത്തി മുപ്പത്തി മൂവായിരത്തി മുന്നൂറ്റി അറുപത് രൂപ) രൂപയാണ് എന്ന് കോഴിക്കോട് ജില്ലാ കളക്ടർ പരാമർശം 7 പ്രകാരം അറിയിച്ചിട്ടുണ്ട്.

3. പരേതന്റെ ആകെ സേവനകാലം 2 5 വർ ഷവും 9 മാസവും 1 8 ദിവസവും ആണ്. അപേക്ഷകയുടെ ജനനതീയതി 27.02.1998 ആകയാൽ ടിയാൾക്ക് ഇപ്പോൾ 2 2 വയസ്സുണ്ട്. ടിയാൾ എസ്.എസ്.എൽ.സി. പരീക്ഷ വിജയിച്ചിട്ടുള്ളതിനാൽ ക്ലർക്ക് തസ്തികയിൽ നിയമനം ലഭിക്കുന്നതിന് അർഹയാണ്. തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എൻജിനീയറും കോഴിക്കോട് ജില്ലാ കളക്ടറും യഥാക്രമം പരാമർശം 6,7 പ്രകാരം ശ്രീമതി. ഹൃദ്യ ജയപ്രകാശിന്റെ അപേക്ഷ ശുപാർശ ചെയ്തിട്ടുണ്ട്.

4. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയുണ്ടായി. ഓവർസീയർ ഗ്രേഡ് I തസ്തികയിൽ സർവീസിലിരിക്കേ മരണപ്പെട്ട ജയപ്രകാശൻ കെ.-യുടെ മകളായ ശ്രീമതി. ഹൃദ്യ ജയപ്രകാശിന്, പരാമർ ശം 1 ഉത്തരവിലെ വ്യവസ്ഥകൾക്ക് വിധേയമായി ആശ്രിതനിയമനപദ്ധതി പ്രകാരം തദ്ദേശ സ്വയംഭരണ എൻജിനീയറിംഗ് വകുപ്പിൽ കോഴിക്കോട് ജില്ലയിൽ ക്ലർക്ക് തസ്തികയിൽ നിയമനം നൽകുന്നതിന് ഉത്തരവാകുന്നു. പരേതന്റെ സർവീസ് ബുക്കിലും, പരേതൻ ഒടുവിൽ ജോലി ചെയ്ത ഓഫീസിലെ എസ്റ്റാബ്ലിഷ്മെന്റ് രജിസ്റ്ററിലും ഇത് സംബന്ധിച്ച വിവരങ്ങൾ ചേർത്ത് ഓഫീസ് മേധാവിയോ വകുപ്പ മേധാവിയോ അറ്റസ്റ്റ് ചെയേണ്ടതാണ്. ആശ്രിത നിയമന അപേക്ഷ പ്രകാരമോ തുടർന്നുള്ള അന്വേഷണത്തിലോ, എന്തെങ്കിലും വിവരങ്ങൾ മറച്ചു വയ്ക്കുകയോ തെറ്റായ വിവരങ്ങൾ ധരിപ്പിക്കുകയോ ചെയ്തതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുന്ന പക്ഷം മേൽപ്രകാരം ഉത്തരവായ നിയമനം റദ്ദ് ചെയ്യുന്നതാണ്.

5. തദ്ദേശ സ്വയംഭരണ ചീഫ് എൻജിനീയർ അപേക്ഷകയുടെ ജനനത്തീയതി, വിദ്യാഭ്യാസ യോഗ്യത, മെഡിക്കൽ ഫിറ്റ്നസ്സ് എന്നിവ തെളിയിക്കുന്ന രേഖകളുടെ ആധികാരികത പരിശോധിച്ച ശേഷം, ടിയാൾക്ക് നിലവിലുള്ള വ്യവസ്ഥകളുടെ അടിസ്ഥാനത്തിൽ കോഴിക്കോട് ജില്ലയിൽ മേൽ തസ്തികയിൽ നിലവിലുള്ള ഒഴിവിലോ, നിലവിൽ ഒഴിവില്ലെങ്കിൽ തുടർന്നുണ്ടാകുന്ന ഒഴിവിലോ നിയമനം നൽകേണ്ടതാണ്. കോഴിക്കോട് ജില്ലയിൽ സമീപഭാവിയിൽ ഒഴിവുകളുണ്ടാകാൻ സാധ്യത ഇല്ലാത്ത സാഹചര്യമാണെങ്കിൽ തൊട്ടടുത്ത ജില്ലകളിലെ നിലവിലുള്ള ഒരു ഒഴിവിൽ അപേക്ഷകയ്ക്ക് നിയമനം നൽകേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**ബിജുകുട്ടന്.എം.എസ്**

**അഡിഷണൽ സെക്രട്ടറി**

1. ശ്രീമതി. ഏദ്യ ജയപ്രകാശ്, ചൈത്ര, കടലൂർ പി.ഒ., കൊയിലാണ്ടി, കോഴിക്കോട് – 673 529

   (രജിസ്റ്റേഡ് തപാൽ മുഖേന).

2. ചീഫ് എഞ്ചിനീയർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
3. ജില്ലാ കളക്ടർ, കോഴിക്കോട്.
4. അക്കൗണ്ടന്റ് ജനറൽ (എ & ഇ/ഓഡിറ്റ്), കേരള, തൃശ്ശൂർ
5. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
6. പൊതു ഭരണ (സി.ഇ. സെൽ) വകുപ്പ്.
7. വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്.
8. കരുതൽ ഫയൽ / ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം
Signature valid
Digitally signed by SREEKANTH G
Date: 2020.0[illegible]15 [illegible]0:48:41 IST
Reason: Approved

സെക്ഷൻ ഓഫീസർ